"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം -പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ 2022-23 തസ്തിക നിർണ്ണയത്തിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4100/2026/GEDN തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-

1. പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂൾ മാനേജർ സമർപ്പിച്ച 14.11.2025-ലെ റിവിഷൻ ഹർജി.
2. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.01.2026 ലെ DEOTVL/4019/2024-B2(1) നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.01.2026 തീയതിയിലെ RA4/1046/2026/ഡി.ജി.ഇ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ 2022-23 തസ്തിക നിർണ്ണയത്തിനെതിരെ മാനേജർ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജിയിന്മേൽ 05/02/2026 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടിരുന്നു.

2. 2022-23 വർഷം തിരുവല്ല ജില്ല വിദ്യാഭ്യാസ ഓഫീസർ വള്ളംകുളം നാഷണൽ ഹൈസ്കൂൾ സന്ദർശിച്ച് ഓരോ ക്ലാസിലും ഉള്ള കുട്ടികളെ ഫിസിക്കലായി എണ്ണി യു.ഐ.ഡി പരിശോധിച്ചതിനു ശേഷം തയ്യാറാക്കിയ ആറാം പ്രവർത്തി ദിവസത്തെ സ്റ്റാഫ് ഫിക്സേഷൻ ചുവടെ ചേർക്കുന്നു.

| ക്ലാസ്സ്/എണ്ണം/ഡിവിഷൻ | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|
| ആറാം സാദ്ധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം | 127 | 171 | 150 | 255 | 197 | 177 | 1077 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആറാം സാദ്ധ്യായ ദിനത്തിലെ (2022-23) യു.ഐ.ഡി./ഇ.ഐ.ഡി. നമ്പർ ഉള്ള കുട്ടികളുടെ എണ്ണം | 125 | 171 | 150 | 252 | 196 | 177 | 1071 |
| ആറാം സാദ്ധ്യായ ദിനത്തിൽ യു.ഐ.ഡി./ഇ.ഐ.ഡി. നമ്പർ ഇല്ലാത്ത കുട്ടികളുടെ എണ്ണം | 2 | - | - | 3 | 1 | 0 | 6 |
| സത്യപ്രസ്താവന നല്കിയിട്ടുള്ള കുട്ടികളുടെ എണ്ണം | 2 | - | - | 3 | 1 | - | 6 |
| റീ-അഡ്മിഷനുകൾ | - | - | - | - | - | - | - |
| ഇഫക്ടീവ് സ്ട്രെങ്ത് | 127 | 171 | 150 | 255 | 197 | 177 | 1077 |
| നിർദ്ദിഷ്ട പി.റ്റി.ആർ. പ്രകാരം അർഹതയുള്ള ഡിവിഷനുകൾ | 5 | 5 | 5 | 8 | 5 | 4 | 32 |
| 2022-23 വർഷം അനുവദിച്ച ഡിവിഷനുകൾ | 4 | 3 | 4 | 5 | 4 | 3 | 23 |
| മുൻവർഷം നിലനിന്ന ഡിവിഷനുകൾ | - | - | - | - | - | - | - |
| മുൻവർഷം നിലനിന്ന ഡിവിഷനുകൾ | 4 | 3 | 4 | 5 | 4 | 3 | 23 |
| കുറയുന്ന ഡിവിഷനുകൾ | - | - | - | - | - | - | - |
| കൂടുന്ന ഡിവിഷനുകൾ | 1 | 2 | 1 | 3 | 1 | 1 | 9 |

<u>2022-23 വർഷം ലഭ്യമായ അക്കോമഡേഷൻ</u>

ജില്ല വിദ്യാഭ്യാസ ആഫീസർ കണക്കിലെടുത്തത് ആകെ ക്ലാസ് മുറികൾ - 37

എക്സ്ട്രാ ക്ലാസ് മുറികൾ - 04

ക്ലാസ് ഡിവിഷൻ നടത്താവുന്ന മുറികൾ - 33

സർക്കാരിന്റെ 13/08/2024 ലെ സർക്കാർ ഉത്തരവ് 5028/2024/പൊവിവ പ്രകാരം 2022-23 വർഷത്തെ തസ്തിക നിർണ്ണയം റിവൈസ് ചെയ്ത ബി2/50601/2022 തീയതി

09/03/2025 ഉത്തരവ് പ്രകാരം അനുവദിച്ച ഡിവിഷനുകൾ

| സ്റ്റാൻഡേർഡ് | അനുവദിച്ച ഡിവിഷൻ |
|---|---|
| 10 | 4 |
| 9 | 4 |
| 8 | 7 |
| 7 | 4 |
| 6 | 5 |
| 5 | 4 |

2022-23 വർഷത്തെ വെരിഫൈ ചെയ്ത യു.ഐ.ഡി. പ്രകാരം ഇനി അനുവദിക്കുവാനുള്ളത്.

| സ്റ്റാൻഡേർഡ് | അനുവദിക്കുവാനുള്ള ഡിവിഷനുകൾ |
|---|---|
| 10 | 0 |
| 9 | 1 |
| 8 | 1 |
| 7 | 1 |
| 6 | 0 |
| 5 | 1 |

-------

**ആകെ** 4

2022-23 വർഷം തസ്തിക നിർണ്ണയം റിവൈസ് ചെയ്തപ്പോൾ 4 ഡിവിഷനുകൾ കുറച്ച് അനുവദിക്കുന്നതിനുള്ള കാരണം

2022-23 വർഷം വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലെ സൂപ്പർ ചെക്ക് വിഭാഗം ആകസ്മിക സന്ദർശനം നടത്തി കുട്ടികളുടെ എണ്ണം എടുത്തിരുന്നു. സൂപ്പർ ചെക്ക് ആഫീസർ വിസിറ്റ് നടത്തിയ ദിവസം ചെങ്കണ്ണ് ബാധിച്ച് നിരവധി കുട്ടികളും അദ്ധ്യാപകരും സ്കൂളിൽ ഇല്ലായിരുന്നു. ഈ വിവരം സൂപ്പർ ചെക്ക് ആഫീസറെ അറിയിച്ചെങ്കിലും അവർ കുട്ടികളുടെ എണ്ണം എടുത്തിരുന്നു. സൂപ്പർ ചെക്ക് ആഫീസർ എടുത്ത കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡേർഡ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള ഡിവിഷൻ |
|---|---|---|
| 10 | 171 | 4 |
| 9 | 178 | 4 |
| 8 | 238 | 7 |

| | | |
|---|---|---|
| 7 | 136 | 4 |
| 6 | 147 | 5 |
| 5 | 112 | 4 |
| **ആകെ** | | 28 |

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ സൂപ്പർ ചെക്ക് ആഫീസർ വിസിറ്റ് ചെയ്ത ദിവസമുള്ള കുട്ടികളുടെ സ്ട്രെങ്ത് സ്കൂളിൽ സൂക്ഷിച്ചിട്ടുള്ള സന്ദർശക ഡയറിയിൽ രേഖപ്പെടുത്തുകയോ ജില്ല വിദ്യാഭ്യാസ ആഫീസർ വെരിഫൈ ചെയ്ത കുട്ടികളുടെ എണ്ണത്തേക്കാൾ വളരെ കുറവായതിനാൽ 2022-23 വർഷമോ അതിനുശേഷമോ ഒരിക്കൽകൂടി സന്ദർശിക്കുകയോ ചെയ്തില്ല. സന്ദർശനത്തിനും ജെനുവിൻനസ് പരിശോധിക്കുന്നതിനുമായി ഒരിക്കൽകൂടി സന്ദർശിച്ചുരുന്നു എങ്കിൽ ആദ്യ വിസിറ്റിൽ ഉള്ള കുട്ടികൾ ധാരാളം രണ്ടാം വിസിറ്റിൽ ഉണ്ടാകുമായിരുന്നു. ഇതുമാത്രമല്ല 4 ഡിവിഷനുകൾ അനുവദിക്കുന്നതിനുള്ള കുട്ടികളുടെ എണ്ണത്തിൽ കുറവു വരുത്തണമെങ്കിൽ സ്കൂൾ മാനേജർക്കും പ്രഥമാദ്ധ്യാപകനും പറയാനുള്ളത് കേട്ട് അവരുടെ ഭാഗം കേൾക്കണമായിരുന്നു. എന്നാൽ സൂപ്പർ ചെക്ക് ആഫീസർ ഒരു ദിവസം മാത്രം വിസിറ്റ് ചെയ്യുകയും, വിസിറ്റ് ചെയ്ത ദിവസത്തെ എണ്ണംപോലും ഡയറിയിൽ രേഖപ്പെടുത്താതെയും ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരെ കേൾക്കാതെയും ഇതു സംബന്ധിച്ച് സൂപ്പർചെക്ക് ആഫീസർ ഒരു ഉത്തരവ് ഇറക്കാതെയും സൂപ്പർ ചെക്ക് ആഫീസറുടെ വിസിറ്റ് ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി2/50601/2022 തീയതി 09/03/2025 നമ്പർ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്ത നടപടി ചട്ട വിരുദ്ധവും ക്രമ പ്രകാരമവുമല്ലാത്തതുമാകുന്നു.

2022-23 വർഷം സ്റ്റാൻഡേർഡ് 9 ൽ പഠിച്ചിരുന്ന 197 കുട്ടികളും 2023-24 വർഷം സ്റ്റാൻഡേർഡ് 10 ലേക്ക് സ്ഥാനകയറ്റം ലഭിച്ചു. ഇപ്രകാരം സ്ഥാനകയറ്റം ലഭിച്ച 197 കുട്ടികളും പുതിയതായി വന്നു ചേർന്ന 6 കുട്ടികളും ഉൾപ്പെടെയാണ് 2023-24 വർഷം സ്റ്റാൻഡേർഡ് 10 ൽ 203 കുട്ടികളികളുടെ റോൾ സ്ട്രെങ്ത് ഉണ്ടായത്. ഈ 203 കുട്ടികളും 2024 മാർച്ച് മാസത്തെ എസ്.എസ്.എൽ.സി പരീക്ഷ എഴുതി പാസാവുകയും ചെയ്തു. ഇതിൽ നിന്നും 2022-23 വർഷം സ്റ്റാൻഡേർഡ് 09 ൽ 5 ഡിവിഷനുകൾ അനുവദിക്കാം എന്ന് വ്യക്തമാണ്.

2022-23 വർഷം സ്റ്റാൻഡേർഡ് 8 ൽ ഉണ്ടായിരുന്ന 255 കുട്ടികളിൽ 5 കുട്ടികൾ റ്റി.സി വാങ്ങി പോയതിനുശേഷം 250 കുട്ടികൾ സ്റ്റാൻഡേർഡ് 9 ലേക്ക് പ്രമോട്ട് ചെയ്തു. 2024-25 വർഷം ഈ 250 കുട്ടികളെയും സ്റ്റാൻഡേർഡ് 10 ലേക്ക് സ്ഥാനകയറ്റം നല്കുകയും

250 കുട്ടികളും 2025 മാർച്ചിലെ പരീക്ഷ എഴുതി പാസാവുകയും ചെയ്തു. അതിനാൽ 2022-23 വർഷം സ്റ്റാൻഡേർഡ് 8 ൽ 8 ഡിവിഷനുകൾ അനുവദിച്ച് ഹൈസ്കൂൾ വിഭാഗത്തിൽ 17 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിക്കുവാൻ നടപടി ഉണ്ടാകണമെന്ന് ഹർജിക്കാരനായ പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂൾ മാനേജർ അപേക്ഷിച്ചിരുന്നു.

2022-23 വർഷം സ്റ്റാൻഡേർഡ് 7 ലെ 171 കുട്ടികളും സ്ഥാനകയറ്റം ലഭിച്ച് 2023-24 വർഷം സ്റ്റാൻഡേർഡ് 8 ൽ ആയതിനാലാണ് 2023-24 വർഷത്തെ സ്റ്റാൻഡേർഡ് VIII ലെ റോൾ സ്ട്രെങ്ത് 199 ആയത്. ഈ 171 കുട്ടികളും 2024-25 വർഷം സ്റ്റാൻഡേർഡ് 9 ലേക്കും 2025-26 വർഷം സ്റ്റാൻഡേർഡ് 10 ൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ 199 കുട്ടികളുടെയും പേരുവിവരങ്ങൾ 2026 മാർച്ചിലെ പരീക്ഷയിലെ എ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ ജില്ലാ വിദ്യാഭ്യാസ ആഫീസറോ അല്ലെങ്കിൽ സർക്കാർ ചുമതലപ്പെടുത്തുന്ന ഏതെങ്കിലും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥനോ സ്കൂൾ സന്ദർശിച്ച് 2025-26 വർഷത്തെ സ്റ്റാൻഡേർഡ് 10 ലെ റോൾ പരിശോധിച്ച് 2022-23 വർഷം സ്റ്റാൻഡേർഡ് 7 ൽ ഉണ്ടായിരുന്ന കുട്ടികളാണന്ന് വെരിഫൈ ചെയ്ത് ഉറപ്പാക്കിയ ശേഷം 2022-23 വർഷം സ്റ്റാൻഡേർഡ് 7 അർഹതപ്പെട്ട 5 ഡിവിഷനും അനുവദിക്കണമെന്ന് ഹർജിക്കാരനായ പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂൾ മാനേജർ അപേക്ഷിച്ചിരുന്നു.

2022-23 വർഷം സ്റ്റാൻഡേർഡ് 5 ൽ 127 കുട്ടികൾ ഉണ്ടായിരുന്നു. ഈ 127 കുട്ടികൾ ഉൾപ്പടെയാണ് 2023-24 വർഷം സ്റ്റാൻഡേർഡ് 6 ൽ 156 കുട്ടികളായത്. നിലവിൽ ഈ 127 കുട്ടികളും സ്റ്റാൻഡേർഡ് 8 ൽ പഠനം തുടരുന്നു. അതായത് 2025-26 വർഷം സ്റ്റാൻഡേർഡ് 8 ൽ പഠിക്കുന്ന കുട്ടികളുടെ റോളും മറ്റ് വിശദവിവരവും പരിശോധിച്ചാൽ 2022-23 വർഷം സ്റ്റാൻഡേർഡ് 5 ൽ 5 ഡിവിഷനുകൾക്ക് ആവശ്യമായ കുട്ടികൾ ഉണ്ടായിരുന്നു എന്ന് ബോദ്ധ്യപ്പെടുന്നതാണ്, ആയതിനാൽ സർക്കാർ ഈ വിഷയം പരിശോധിച്ച് 2022-23 വർഷം വള്ളംകുളം നാഷണൽ ഹൈസ്കൂളിന്റെ 09/03/2025 ലെ തസ്തിക നിർണ്ണയം റിവൈസ് ചെയ്ത് സ്റ്റാൻഡേർഡ് 9 ൽ 5 ഡിവിഷനുകളും, സ്റ്റാൻഡേർഡ് 8 ൽ 8 ഡിവിഷനുകളും ഉൾപ്പടെ ഹൈസ്കൂൾ വിഭാഗത്തിൽ ആകെ 17 ഡിവിഷനുകളും യു.പി. വിഭാഗത്തിൽ സ്റ്റാൻഡേർഡ് 7 ൽ 10 ഉം സ്റ്റാൻഡേർഡ് 5 ൽ 5 ഉം ഡിവിഷനുകൾ വീതം യു.പി. വിഭാഗത്തിൽ 15 ഡിവിഷനുകളും അനുവദിക്കുന്നതിന് തിരുവല്ല ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നല്കണമെന്ന് ഹർജിക്കാരനായ പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂൾ മാനേജർ അപേക്ഷിച്ചിരുന്നു.

3. പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന സിംഗിൾ മാനേജ്മെന്റ് സ്കൂളാണ് വള്ളംകുളം നാഷണൽ ഹൈസ്കൂൾ. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/08/2022 തീയതിയിലെ ഉത്തരവ് നമ്പർ ദീ.തീ.82/50601/2022 പ്രകാരം നാഷണൽ ഹൈസ്കൂൾ വള്ളംകുളത്തിന്റെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം, ലഭ്യമായ അക്കോമഡേഷൻ, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/07/2022-ലെ സന്ദർശനം എന്നിവ പ്രകാരം മുൻ വർഷം നിലനിന്നിരുന്ന ഡിവിഷനുകളും (യു.പി-11, എച്ച്.എസ്-12) 32 തസ്തികകളും അനുവദിച്ച് നൽകുകയുണ്ടായി. കൂടാതെ 9 അധിക ഡിവിഷനുകൾക്കും (യു.പി. 4, എച്ച്.എസ്-5) 12 അധിക തസ്തികകൾക്കും ഉള്ള ശിപാർശയും സമർപ്പിച്ചിരുന്നു. തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തി.

വിദ്യാഭ്യാസ ഉപഡയറക്ടർ സമന്വയ മുഖേന ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.95/20023/പൊവിവ തീയതി 07/07/2023 പ്രകാരം അംഗീകരിച്ചു നൽകിയ അധിക ഡിവിഷനുകൾ/തസ്തികകൾ ഉൾപ്പെടുത്തി തസ്തിക നിർണ്ണയ ഉത്തരവ് പുനഃക്രമീകരിച്ച് 05/08/2023 തീയതിയായി ഉത്തരവ് നം.ബി2/50601/2023 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ആയതിൻ പ്രകാരം 2022-2023 വർഷം ആറ്, എട്ട് ക്ലാസ്സുകളിൽ ഓരോ അധിക ഡിവിഷനും ചുവടെ ചേർക്കുന്ന അധിക തസ്തികകളും അനുവദിച്ചു.

HST (SS) - 1

UPST - 1

LG Hindi - 1

LG Sanskrit - 1

എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂളിൽ പരിശോധനയ്ക്കായി ഹാജരായ ദിവസം രണ്ടാം പാദവാർഷിക പരീക്ഷ തുടങ്ങുന്നതിന്റെ തലേദിവസം ആയതിനാലും നിരവധി കുട്ടികൾക്ക് ചെങ്കണ്ണ്, പനി എന്നിവ പിടിപെട്ടിരുന്നതിനാലും കുട്ടികളുടെ ഹാജർ നിലയിൽ ഗണ്യമായ കുറവുണ്ടായി എന്ന് കാണിച്ച് മാനേജർ അപേക്ഷ നൽകിയ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്കൂളിലെ കുട്ടികളുടെ എണ്ണം പരിശോധിക്കുന്നതിനായി സൂപ്പർ ചെക്ക് സെൽ ഓഫീസറെ ചുമതലപ്പെടുത്തുകയും സ്കൂളിൽ സൂപ്പർ ചെക്ക് സെൽ 03/02/2023 തീയതിയിൽ പരിശോധന നടത്തുകയും ചെയ്തിരുന്നു.

തുടർന്ന് 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ മാനേജർ, ബഹു:

ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ 31239/2023 ഫയൽ ചെയ്യുകയും ആയതിൽ ബഹു: ഹൈക്കോടതി 04/03/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കികൊണ്ട് 13/08/2024 - ൽ സ.ഉ.(സാധാ)നം.5028/2024/പൊവിവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ആയതിൽ സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നാഷണൽ ഹൈസ്കൂൾ വള്ളംകളത്തിന്റെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം ചുവടെ ചേർക്കും പ്രകാരം പുനഃനിർണ്ണയിച്ച് നൽകുന്നതിന് ഉത്തരവായി.

<u>2022-23 വർഷം അനുവദിക്കപെട്ട ഡിവിഷനുകൾ</u>

| ക്ലാസ്സുകൾ | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|
| ആറാം പ്രവർത്തി ദിനത്തിലെ കുട്ടികൾ | 127 | 171 | 150 | 255 | 197 | 177 | 1077 |
| 03/02/2023 ൽ ഹാജരാകാത്ത കുട്ടികൾ | 15 | 24 | 14 | 17 | 19 | 6 | 95 |
| സൂപ്പർ ചെക്ക് സെല്ലിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ യഥാർത്ഥ എണ്ണം | 112 | 147 | 136 | 238 | 178 | 171 | 982 |
| 2022-23 അനുവദിച്ച ഡിവിഷനുകൾ | 4 | 5 | 4 | 7 | 4 | 4 | 28 |

ആയതിനെ തുടർന്നാണ് മേൽ പട്ടിക പ്രകാരം ഡിവിഷനുകളും ആനുപാതികമായി ചുവടെ ചേർക്കും പ്രകാരം തസ്തികകളും അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

| തസ്തിക | ഫുൾ ടൈം/പാർട്ട് ടൈം | മുൻവർഷം (2019-20) നിലനിന്നിരുന്ന തസ്തികകളുടെ എണ്ണം | 2022-23 വർഷം അനുവദിച്ച നൽകിയ തസ്തികകളുടെ എണ്ണം | സർക്കാർ ഉത്തരവ് 5028/2024 അനുസരിച്ച് 2022-23 ൽ അനുവദിച്ച നൽകിയ തസ്തികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | എഫ്.റ്റി. | 1 | 1 | 1 | |

| | | | | | |
|---|---|---|---|---|---|
| എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) | എഫ്.റ്റി. | 3 | 3 | 3 | |
| എച്ച്.എസ്.റ്റി. (നാച്ചുറൽ സയൻസ്) | എഫ്.റ്റി. | 2 | 2 | 2 | |
| എച്ച്.എസ്.റ്റി. (മാത്സ്) | എഫ്.റ്റി. | 3 | 3 | 4 | 2022-23 വർഷം ഒരു എച്ച്.എസ്.റ്റി. (മാത്സ്) അധിക തസ്തിക അനുവദിച്ചു നൽകുന്നു |
| എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) | എഫ്.റ്റി. | 3 | 3 | 3 | |
| എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) | എഫ്.റ്റി. | 3 | 2 | 3 | 2019-20 എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) അധിക തസ്തിക തുടരുന്നു |
| എച്ച്.എസ്.റ്റി. (ഹിന്ദി) | എഫ്.റ്റി. | 2 | 2 | 2 | |
| എച്ച്.എസ്.റ്റി. (സംസ്കൃതം) | എഫ്.റ്റി. | 1 | 1 | 1 | |
| പി.ഇ.റ്റി. | എഫ്.റ്റി. | 1 | 1 | 1 | |
| മ്യൂസിക് ടീച്ചർ (എച്ച്.എസ്) | എഫ്.റ്റി. | 1 | 1 | 1 | |
| യു.പി.എസ്.റ്റി. | എഫ്.റ്റി. | 11 | 12 | 13 | 2022-23 വർഷം ഒരു യു.പി.എസ്.റ്റി. അധ ിക തസ്തിക അനുവദിച്ചു നൽകുന്നു |

| | | | | | |
|---|---|---|---|---|---|
| ജൂനിയർ ലാംഗ്വജ് ടീച്ചർ (ഹിന്ദി) | എഫ്.റ്റി. | 1 | 2 | 2 | |
| ജൂനിയർ ലാംഗ്വജ് ടീച്ചർ (സംസ്കൃതം) | എഫ്.റ്റി. | 0 | 1 | 1 | |
| ക്ലാർക്ക് | എഫ്.റ്റി. | 1 | 1 | 1 | |
| ഒ.എ. | എഫ്.റ്റി. | 2 | 2 | 2 | |
| എഫ്.റ്റി.എം. | എഫ്.റ്റി. | 2 | 2 | 2 | |
| ആകെ | എഫ്.റ്റി. | 40 | 41 | 45 | |

നാഷണൽ ഹൈസ്കൂൾ വള്ളംകുളം മാനേജർ, സർക്കാർ മുൻപാകെ 14/11/2025 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/03/2025 തീയതിയിലെ B2/50601/2022 നമ്പർ ഉത്തരവ് റദ്ദ് ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ടി ഉത്തരവ്, ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 31239/2023 മേലുള്ള 04/03/2024-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സർക്കാർ, സൂപ്പർ ചെക്ക് സെൽ നൽകിയ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13/08/2024 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നം.5028/2024/പൊവിവ ഉത്തരവ് പ്രകാരമായതിനാൽ പരോക്ഷമായി മേൽ സർക്കാർ ഉത്തരവിനെതിരെയാണ് മാനേജർ ഇപ്പോൾ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത് എന്നത് ഇതിനാൽ മനസിലാക്കുവാൻ സാധിക്കുന്നതാണ്. ആയതിനാൽ നാഷണൽ ഹൈസ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് മാനേജർ നൽകിയ ഹർജിയിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ അങ്ങയുടെ അനുമതിയോടെ തുടർ പരിശോധനാ വിധേയമാക്കേണ്ടതുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നാഷണൽ ഹൈസ്കൂൾ വള്ളംകുളത്തിലെ 2022-23 വർഷത്തെ തസ്തിക നിർണയം ആറാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ എണ്ണം ലഭ്യമായ അക്കോമഡേഷൻ എന്നിവ പ്രകാരം മുൻവർഷം

നിലനിന്നിരുന്ന ഡിവിഷനുകളും (യു.പി.-11, എച്ച്.എസ്.-12) 32 തസ്തികളും തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഡയറക്ടറുടെ സന്ദർശന പ്രകാരം അനുവദിക്കുകയുണ്ടായി. കൂടാതെ 9 ഡിവിഷനുകളും ശുപാർശ ചെയ്തു. സ.ഉ.(കൈ)നം.95/2023/പൊവിവ തീയതി 07/07/2023 പ്രകാരം അംഗീകരിച്ച നൽകിയ അധിക ഡിവിഷനുകൾ തസ്തികകൾ ഉൾപ്പെടുത്തി തസ്തിക നിർണയ ഉത്തരവ് പുനഃക്രമീകരിച്ച് 05/08/2023 തീയതിയിലെ ബി2/50601/2023 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിൻ പ്രകാരം 2022-23 വർഷത്തിൽ 6,8 ക്ലാസുകളിൽ ഓരോ അധിക ഡിവിഷനുകളും എച്ച്.എസ്.റ്റി. (എസ്.എസ്.)-1, യു.പി.എസ്.റ്റി.-1, എൽ.ജി. ഹിന്ദി-1, എൽ.ജി. സംസ്കൃതം-1 എന്നിങ്ങനെ അധിക തസ്തികളും അനുവദിച്ചിരുന്നു. എന്നാൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ സ്കൂളിൽ പരിശോധനയ്ക്കായി ഹാജരായ ദിവസം രണ്ടാം പാദവാർഷിക പരീക്ഷ തുടങ്ങുന്നതിന്റെ തലേദിവസം ആയതിനാലും നിരവധി കുട്ടികൾക്ക് അസുഖം പിടിപെട്ടതിനാലും കുട്ടികളുടെ ഹാജർ നിലയിൽ കുറവുണ്ടായി എന്ന് കാണിച്ച് മാനേജർ അപേക്ഷ നൽകിയ പ്രകാരം സൂപ്പർ ചെക്ക് സെൽ 03/02/2023 തീയതിയിൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജിയിലെ വിധിന്യായം നടപ്പിലാക്കി സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തസ്തിക നിർണയം പുനർനിർണയിച്ചിരുന്നു. ഇതിനെതിരെയാണ് മാനേജർ ഹർജി സമർപ്പിച്ചിരിക്കുന്നത്. സൂപ്പർ ചെക്ക് സെൽ ഓഫീസർ വിസിറ്റ് ചെയ്ത ദിവസമുള്ള കുട്ടികളുടെ സ്ട്രെങ്ത് സ്കൂളിൽ സൂക്ഷിച്ചിട്ടുള്ള സന്ദർശക ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാമത് ഒരിക്കൽ കൂടി വിസിറ്റ് നടത്താൻ തയ്യാറായില്ല, അധ്യാപകരുടെ വിശദീകരണം കേൾക്കാൻ തയ്യാറായില്ല തുടങ്ങിയ ആക്ഷേപങ്ങളാണ് മാനേജർ ഉന്നയിച്ചിട്ടുള്ളത്. 2022-23 വർഷത്തിൽ വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ 17 ഡിവിഷനുകളും യു.പി. വിഭാഗത്തിൽ 15 ഡിവിഷനുകളും ഉൾപ്പെടെ 32 ഡിവിഷനുകൾക്ക് അർഹതയുണ്ടെന്നാണ് ഹർജിയിൽ മാനേജർ അവകാശപ്പെടുന്നത്.

5.സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധന സംബന്ധിച്ച് ആക്ഷേപം ഉള്ള സാഹചര്യത്തിൽ നാഷണൽ ഹൈസ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് മാനേജർ നൽകിയ ഹർജിയിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ സർക്കാർ അനുമതിയോടെ തുടർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

6. മേൽ സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തുന്ന

ഉദ്യോഗസ്ഥൻ വീണ്ടും പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ പരിശോധന നടത്തി അധ്യാപകരുടെയും മാനേജ്മെന്റിന്റെയും ഭാഗം ഒരിക്കൽ കൂടി കേട്ട് ടി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച മാനേജരുടെ ഹർജിയിന്മേൽ തീരുമാനം കൈക്കൊള്ളാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

7. മേൽ പ്രകാരം പരാമർശം (1) - ലെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, നാഷണൽ ഹൈസ്കൂൾ, വള്ളംകുളം, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/183/2025/പൊ.വി.വ)

ഉത്തരവിൻ പ്രകാരം
**Signed by Aji Kumar R**
**Date: 27-06-2026 12:24:23**

സെക്ഷൻ ഓഫീസർ